# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196 — 19.06.2012 ൽ മറുപടിയ്ക്ക്

## 'ആശ്വാസ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) "ആശ്വാസ് പദ്ധതിയുടെ" ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള വായ്പാ സഹകരണ സംഘങ്ങളിലെ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച് നടപ്പാക്കിയ കുടിശ്ശിക നിവാരണ പദ്ധതിയാണ് 'ആശ്വാസ് 2011'. 2011 ജൂലൈ 1 മുതൽ 2011 സെപ്റ്റംബർ 15 വരെയായിരുന്നു പദ്ധതിയുടെ കാലാവധി. കാലയളവിൽ വായ്പാ കുടിശ്ശിക തീർക്കുന്നവർക്ക് പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവയിൽ ഇളവ് നൽകിയിരുന്നു. മരണപ്പെട്ട വായ്പക്കാർ, മാരകമായ അസുഖ ബാധിതർ തുടങ്ങി പരിഗണന അർഹിക്കുന്നവർക്ക് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം വായ്പാ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുകയുണ്ടായി, വിശദാംശങ്ങൾ നൽകുമോ; | (ബി) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ കുടിശ്ശികയായി നിന്നിരുന്ന 1007.05 കോടി രൂപ ഈ പദ്ധതിയിലൂടെ പിരിച്ചെടുക്കാൻ കഴിഞ്ഞു. |
| (സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് വായ്പക്കാർക്ക് ഈ പദ്ധതി വഴി | (സി) 'ആശ്വാസ് 2011' കാലയളവിൽ വായ്പാ സഹകരണ സംഘങ്ങളിൽ വായ്പാ |

നൽകിയിട്ടുള്ളത്; പദ്ധതിയുടെ കാലാവധി എത്രയായിരുന്നുവെന്നു വ്യക്തമാക്കുമോ?

കുടിശ്ശിക തീർക്കുന്നവർക്കായി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവയിൽ ഇളവ് അനുവദിച്ചിരുന്നു. ഈ ഇനത്തിൽ 73.13 കോടി രൂപ വായ്പക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്. പദ്ധതി കാലയളവിൽ വായ്പകളുമായി ബന്ധപ്പെട്ട് എല്ലാ ജപ്തി നടപടികളും നിർത്തിവച്ചിരുന്നു. സർക്കുലർ നിർദ്ദേശങ്ങൾക്കു പുറമേ എന്തെങ്കിലും ഇളവുകൾ കൂടുതലായി നൽകണമെന്ന് ഏതെങ്കിലും സഹകരണ സംഘം തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ ആയത് സഹകരണ വകുപ്പ് മന്ത്രി ചെയർമാനും, സഹകരണ വകുപ്പ് സെക്രട്ടറി അംഗവും, സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ കമ്മിറ്റി മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 10 ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പകൾ, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, പദ്ധതി കാലയളവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻപ്രകാരമുള്ള പലിശ നിരക്കിൽ ആർബിട്രേഷൻ എക്സിക്യൂഷൻ ഫീസ് എന്നിവ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും കൂടി ഒടുക്കി നിലവിലുള്ള മുതലിനേക്കാൾ അധികരിക്കാത്ത പലിശയടച്ച് വായ്പ കണക്ക് അവസാനിപ്പിക്കാൻ പദ്ധതികാലയളവിൽ അവസരം നൽകിയിരുന്നു.

10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയായ വായ്പകൾ പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻ പ്രകാരമുള്ള പലിശ നിരക്കിൽ പലിശ തുകയുടെ 10% ൽ

അധികരിക്കാത്ത എസ്റ്റബ്ലിഷ്മെന്റ് ചെലവും ആർബിട്രേഷൻ എക്സിക്യൂഷൻ ഫീസ് എന്നിവ സംഘം അടച്ചിട്ടുണ്ടെങ്കിൽ അതും ഒടുക്കി വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിയിരുന്നു.

പദ്ധതിയുടെ കാലാവധി 2011 ജൂലൈ 1 മുതൽ 2011 സെപ്റ്റംബർ 15 വരെയായിരുന്നു

സെക്ഷൻ ഓഫീസർ